## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5918** **04.07.2019 ൽ മറുപടിക്ക്**

### അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ്

| **ചോദ്യം**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമസഭാ സ്പീക്കറുടെ ഓഫീസിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) മങ്കട മണ്ഡലത്തിലെ ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമസഭാ സ്പീക്കറുടെ ഓഫീസിൽ 05.02.2019-ന് കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) റെയിൽവേ മേൽപ്പാലം വരുന്ന ഭാഗത്ത് റെയിൽവേയ്ക്ക് അടയ്ക്കാനുള്ള പി & ഇ ചാർജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അലൈൻമെന്റിലുള്ള സ്ഥലത്തിന് ഓരോ ഉടമസ്ഥനും നൽകേണ്ട തുക കണക്കാക്കി റവന്യൂ വകുപ്പിൽ നിന്നും അറിയിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആർ.ഒ.ബിയുടെ റെയിൽവെയുടെ മുകളിലുള്ള ഭാഗത്തിന്റെ പണികൾ റെയിൽവേ നേരിട്ട് ചെയ്യേണ്ടതാണ്. റെയിൽവേ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രമേ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ സർവ്വെ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

**പൊന്നാനി അഴിമുഖത്തിന് കുറുകെ തൂക്ക പാലം, കർമ്മാ റോഡ് രണ്ടാംഘട്ടം, ഒരാടംപാലം-മാനത്തു മംഗലം ബൈപ്പാസ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. കേരള നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ, ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 05.02.2019-ന് ഉച്ചയ്ക്ക് 02.00 ന് ബഹു. കേരള നിയമസഭാ സ്പീക്കറുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

യോഗം ഉച്ചയ്ക്ക് 2 മണിയ്ക്ക് ആരംഭിച്ചു. ബഹു. സ്പീക്കറുടെയും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ സ്പീക്കറുടെ ചേംബറിൽ കൂടിയ യോഗത്തിൽ ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ, ശ്രീ.ടി.എ. അഹമ്മദ് കബീർ എം.എൽ.എ എന്നിവരും സന്നിഹിതരായിരുന്നു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

പൊന്നാനി അഴിമുഖം പടിഞ്ഞാറെക്കര കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്, കർമ്മ റോഡ് രണ്ടാം ഘട്ടം, ഒരാടം പാലം - മാനത്തുമംഗലം ബൈപാസ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനു വേണ്ടിയാണ് യോഗം സംഘടിപ്പിച്ചിട്ടുള്ളതെന്ന് ബഹു. സ്പീക്കർ ആമുഖമായി അറിയിച്ചു.

**<u>പൊന്നാനി അഴിമുഖം പടിഞ്ഞാറെക്കര സസ്പെൻഷൻ ബ്രിഡ്ജ്</u>**

ആദ്യം ബ്രിഡ്ജിനു മാത്രമായിട്ടാണ് ഭരണാനുമതി ലഭിച്ചതെന്നും കഴിഞ്ഞ മീറ്റിംഗിൽ അപ്രോച്ച് റോഡുംകൂടി ചേർത്ത് സിംഗിൾ പാക്കേജായി കൺസൾട്ടൻസി വിളിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന് കൊടുത്തിരിക്കുകയാണെന്നും ഇപ്പോൾ ബ്രിഡ്ജ് ചെയ്യാൻ തയാറാണെന്നും, ബ്രിഡ്ജ് പോർഷൻ മാത്രമായിട്ടാണോ അപ്രോച്ച് റോഡുംകൂടി ചേർത്ത് സിംഗിൾ ബ്രിഡ്ജ് ആയിട്ടാണോ കൺസൾട്ടൻസി ടെണ്ടർ ചെയ്യേണ്ടതെന്നുമുള്ള കാര്യത്തിൽ ഒരു വ്യക്തത വരുത്തേണ്ടതുണ്ടെന്നും ജനറൽ മാനേജർ-ഇൻ-ചാർജ്ജ്, ആർ.ബി.ഡി.സി.കെ. അറിയിച്ചു.

ആദ്യം ബ്രിഡ്ജും അപ്രോച്ച് റോഡും ചേർത്താണ് ടെണ്ടർ ക്ഷണിച്ചതെന്നും അതിനുശേഷം ചീഫ് സെക്രട്ടറി കൂടി പങ്കെടുത്ത ഉന്നതതല യോഗത്തിൽ ആർ.ബി.ഡി.സി.കെ. ബ്രിഡ്ജ് പോർഷൻ മാത്രം ചെയ്താൽ മതിയെന്നും, അപ്രോച്ച് റോഡ് പൊതുമരാമത്ത് വകുപ്പ് ചെയ്യുമെന്നും തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ബ്രിഡ്ജിനു മാത്രമായാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ജനറൽ മാനേജർ-ഇൻ-ചാർജ്ജ്, ആർ.ബി.ഡി.സി.കെ. അറിയിച്ചു. ബ്രിഡ്ജ് പോർഷനും അപ്രോച്ച് റോഡും ചേർത്ത് സിംഗിൾ ബിഡ് ആയി ഫെബ്രുവരി 12-നുമുമ്പ് കൺസൾട്ടൻസി ടെണ്ടർ ചെയ്യാൻ ആർ.ബി.ഡി.സി.കെ. തയ്യാറാണെന്നും ഇതിനൊരു വ്യക്തത വരുത്താൻ വേണ്ടിയാണ് പുതുക്കിയ ഭരണാനുമതി തേടിയിട്ടുള്ളതെന്നും ജനറൽ മാനേജർ-ഇൻ-ചാർജ്ജ്, ആർ.ബി.ഡി.സി.കെ. അറിയിച്ചു.

എന്നാൽ ബ്രിഡ്ജ് പോർഷൻ മാത്രമായി പാലം നിർമ്മാണം പ്രായോഗികമാകുകയില്ലെന്നും അപ്രോച്ച് റോഡ് ഇല്ലാതെ പാലത്തിന് ഉപയുക്തത ഉണ്ടാകില്ലെന്നും, ആയതിനാൽ ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി

ച്ചമതലപ്പെട്ടുത്തിയതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ ആർ.ബി.ഡി.സി.കെ മുൻകയ്യെടുക്കണമെന്നും ബ്രിഡ്ജ് പോർഷനും അപ്രോച്ച് റോഡുകളും ഒറ്റ പ്രവൃത്തിയായി ചെയ്യണമെന്നും കൺസൾട്ടൻസി നിയമനത്തിന് അടിയന്തരമായി ആർ.ബി.ഡി.സി.കെ. ടെണ്ടർ ക്ഷണിക്കണമെന്നും യോഗം തീരുമാനമെടുത്തു.

അപ്രോച്ച് റോഡിൻറെയും പാലത്തിന്റെയും പണികൾ ഒന്നിച്ചുതന്നെ ചെയ്യാമെന്നും ഇതുമൂലം സമയം ലാഭിക്കാമെന്നും അതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

തീരുമാനങ്ങൾ

1. ഹാംഗിംഗ് ബ്രിഡ്ജും അപ്രോച്ച് റോഡുകളും ഒറ്റ പ്രവൃത്തിയായി നിർവ്വഹിക്കുക.
2. ആർ.ബി.ഡി.സി.കെ കൺസൾട്ടൻസി നിയമനത്തിനുള്ള അടിയന്തര നടപടി സ്വീകരിച്ച് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

**കർമ്മറോഡ് രണ്ടാം ഘട്ടം**

പ്രവൃത്തിയുടെ ഡി.പി.ആർ. ആയിട്ടുണ്ടെന്നും സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടുവെന്നും സ്ഥലം ട്രാൻസ്ഫർ ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദിഷ്ട ഫോറത്തിൽ റികിസിഷൻ കൊടുത്തിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കി. കർമ്മ റോഡ് നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സമില്ലെന്ന് എഴുതി നൽകിയിട്ടുണ്ടെന്ന് ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

ഭൂമി കൈമാറ്റം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുൻകയ്യെടുക്കുന്നതിനും ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്ന് അടിയന്തരമായി ഭൂമി ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി അടിയന്തരമായി ആരംഭിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാൻ യോഗം നിർദ്ദേശം നൽകി.

**ഒരാടം പാലം – മാനത്തുമംഗലം ബൈപാസ്**

റിവൈസ്ഡ് അലൈൻമെൻറും ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടെന്നും ഇനി റെയിൽവേയുടെ അനുമതി കിട്ടാനുണ്ടെന്നും സർവ്വേ നടപടികൾ മന്ദഗതിയിലാണെന്നും ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. അറിയിച്ചു. സർവ്വേ നടപടികൾ വേഗത്തിലാക്കാനും പദ്ധതി പ്രവർത്തനം നിലച്ചതിനുള്ള കാരണമെന്താണെന്നുള്ളത് കണ്ടെത്തി, തടസ്സം നീക്കി മുന്നോട്ടുനീങ്ങാനും ബഹു. സ്പീക്കർ നിർദ്ദേശിച്ചു. സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് റിട്ടയേഡ് ഉദ്യോഗസ്ഥരുടെ സേവനം കൂടി ലഭ്യമാക്കാവുന്നതാണെന്ന് ബഹു പൊതുമരാമത്ത് രജിസ്ട്രേഷനും വകുപ്പ മന്ത്രി നിർദ്ദേശിച്ചു.

തീരുമാനങ്ങൾ

1. റെയിൽവേ മേൽപാല നിർമ്മാണത്തിനുള്ള അനുമതി റെയിൽവേയിൽ നിന്നും ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടറെയും ബന്ധപ്പെട്ട റെയിൽവേ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുമരാമത്ത് സെക്രട്ടറി യോഗം ചേരേണ്ടതാണെന്ന് തീരുമാനിച്ചു.
2. സർവ്വേ നടപടികൾ, ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് മലപ്പുറം കളക്ടറേറ്റിൽ യോഗം ചേരുന്നതിനും തീരുമാനിച്ചു.

ഉച്ചയ്ക്ക ശേഷം 2.30–ന് യോഗം പിരിഞ്ഞു.

## യോഗത്തിൽ പങ്കെടുത്തവർ

1 ശ്രീ. ജി കമല വർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

2 ശ്രീമതി. കെ മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

3 ശ്രീ. എം എൻ ജീവരാജ്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്)

4 ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

5 ശ്രീ. ഹയ്ഗീൻ ആർബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്

6 ശ്രീ. അലക്സ് ടി.ജെ., ജനറൽ മാനേജർ-ഇൻ-ചാർജ്, ആർ.ബി.ഡി.സി.കെ.

7 ശ്രീ. സുനിൽകുമാർ എ., ജനറൽ മാനേജർ, (പ്രോജക്ട്), കിഫ്ബി.

8 ശ്രീ. ഹരീഷ് എസ്., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, റോഡ്സ് ഡിവിഷൻ, മഞ്ചേരി.

9 ശ്രീ. ജോസ് മാത്യു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്

10 ശ്രീ. കുഞ്ഞിമമ്മു പറവത്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, പൊന്നാനി

11 ശ്രീ. എം. മുഹമ്മദ് സലിം, ചെയർമാൻ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

12 ശ്രീ. കെ. റഷീദലി, മെംബർ, മലപ്പുറം ജില്ലാ പഞ്ചായത്ത്.

13 ശ്രീമതി മനീഷ വി.എസ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്രിഡ്ജസ്

സെക്ഷൻ ഓഫീസർ